അനുബന്ധം -1

<u>വിജ്ഞാപനം</u>

......എറണാകുളം...... ജില്ലയിലെ വിവിധ സിഡിഎസ്സുകളിൽ ഉള്ള അക്കൗണ്ടൻറുമാരുടെ ഒഴിവുകളിലേയ്ക്കുള്ള നിയമനം

എറണാകുളം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിലുള്ള കുടുംബശ്രീ സി.ഡി.എസ്സുകളിൽ (നിലവിൽ ഒഴിവുള്ള സി.ഡി.എസ്-കളിലേയ്ക്കും റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ടു ചെയ്യുന്ന ഒഴിവുകളിലേയ്ക്കും) അക്കൗണ്ടൻറായി തെരഞ്ഞെടുക്കുന്നതിന് അയൽക്കൂട്ട അംഗം/ഓക്സിലറി ഗ്രൂപ്പ് അംഗം ആയവരിൽ നിന്നും താഴെപറയുന്ന യോഗ്യതയുള്ളവരുടെ അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

A. യോഗ്യതകൾ

1. അപേക്ഷക, അപേക്ഷ സമർപ്പിക്കുന്ന ജില്ലയിൽ താമസിക്കുന്ന വ്യക്തിയായിരിക്കണം. എന്നാൽ നിലവിൽ മറ്റു ജില്ലകളിൽ സി.ഡി.എസ്സ് അക്കൗണ്ടൻറായി സേവനമനുഷ്ഠിക്കുന്നവർക്ക് ഈ നിബന്ധന ബാധകമല്ല. ടി വ്യക്തി ബന്ധപ്പെട്ട ജില്ലാമിഷൻ കോ-ഓർഡിനേറ്ററിൽ നിന്നും ശുപാർശ കത്ത് സമർപ്പിക്കേണ്ടതാണ്.
2. അപേക്ഷക കുടുംബശ്രീ അയൽക്കൂട്ടത്തിലെ അംഗമോ/ഓക്സിലറി ഗ്രൂപ്പ് അംഗമോ ആയിരിക്കണം. ആശ്രയ കുടുംബാംഗം/ഭിന്നശേഷി വിഭാഗം എന്നിവർക്ക് മുൻഗണനനൽകുന്നതാണ്.
3. അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ബി.കോം ബിരുദവും, ടാലി യോഗ്യതയും ഉണ്ടായിരിക്കണം. കംപ്യൂട്ടർ പരിജ്ഞാനം (എം.എസ്.ഓഫീസ്, ഇൻറർനെറ്റ് ആപ്ലിക്കേഷൻസ്) ഉണ്ടായിരിക്കണം.
4. അക്കൗണ്ടിംഗിൽ രണ്ടു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. (സർക്കാർ/ അർദ്ധസർക്കാർ/ സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ/സഹകരണ സംഘങ്ങൾ / സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ അക്കൗണ്ടിംഗിൽ പ്രവൃത്തിപരിചയം ഉള്ളവർക്ക് മുൻഗണന). അംഗീകൃത ബി.കോം ബിരുദം നേടിയതിനു ശേഷം അക്കൗണ്ടിംഗിൽ രണ്ടു വർഷത്തെ പ്രവൃത്തി പരിചയമുണ്ടായിരിക്കണം.
5. 20 നും 35 നും മദ്ധ്യേ (വിജ്ഞാപന തീയതിയായ 2024 ഒക്ടോബർ 15-ന്) പ്രായമുള്ളവർ ആയിരിക്കണം. നിലവിൽ കുടുംബശ്രീ സി.ഡി.എസ്സുകളിൽ അക്കൗണ്ടൻറായി പ്രവർത്തിച്ചവർക്ക് (കരാർ/ദിവസവേതനം) 45 വയസ്സ് വരെ അപേക്ഷിക്കാവുന്നതാണ്.

B. ഒഴിവുകളുടെ എണ്ണം : ...2...................

*(വിജ്ഞാപനത്തിനു ശേഷം റാങ്ക് ലിസ്റ്റിൻറെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.)*

C. നിയമന രീതി: ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ

D. തെരെഞ്ഞെടുപ്പ് രീതി -

1. എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിൻറെയും അടിസ്ഥാനത്തിലാണ് തെരെഞ്ഞെടുപ്പ്. എഴുത്തുപരീക്ഷയ്ക്ക് 70 മാർക്കും, അഭിമുഖത്തിന് - 30 മാർക്കും (ആകെ 100 മാർക്ക്).

E. സിലബസ്:- അക്കൗണ്ടിംഗ്-30 മാർക്ക്, ഇംഗ്ലീഷ്-5 മാർക്ക്, മലയാളം-5 മാർക്ക്, ജനറൽ നോളേജ് - 5 മാർക്ക്, ഗണിതം - 10 മാർക്ക്, കുടുംബശ്രീ സംഘടനാ സംവിധാനത്തെക്കുറിച്ചും കുടുംബശ്രീ പ്രോഗ്രാമിനെക്കുറിച്ചുമുള്ള അറിവ് - 15 മാർക്ക്. (ആകെ 70 പേർക്ക്)

F. പരീക്ഷ സമയം - 75 മിനിട്ട് (1മണിക്കൂർ 15 മിനിട്ട്സ് ദൈർഘ്യം) പരീക്ഷാ ഹാളിൽ 1/2 മണിക്കൂർ മുമ്പ് ഉദ്യോഗാർത്ഥികൾ ഹാജരാകേണ്ടതാണ്

G. ഒരു മാർക്ക് വീതമുള്ള 70 ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങൾ ഉണ്ടായിരിക്കും. നെഗറ്റീവ് മാർക്ക് ഉണ്ടായിരിക്കുന്നതല്ല.

H. ചോദ്യപേപ്പർ - മലയാളത്തിൽ ആയിരിക്കും. ഭാഷാ ന്യൂനപക്ഷ മേഖലകളിൽ തമിഴ്/കന്നട ഭാഷകൾ ഉപയോഗിക്കാം.

I. ബന്ധപ്പെട്ട മേഖലയിൽ പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

J. അപേക്ഷ സമർപ്പിക്കേണ്ട വിധം

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ നിന്ന് നേരിട്ടോ www.kudumbashree.org എന്ന വെബ് സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്. (മാതൃക അനുബന്ധം-9)
2. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2024 ഒക്ടോബർ 25 ന് വൈകുന്നേരം 5.00 മണിവരെ.
3. ഭാഗികമായി പൂരിപ്പിച്ച/ അവ്യക്തമായി പൂരിപ്പിച്ച അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.
4. പരീക്ഷാഫീസായി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ......എറണാകുളം........... ജില്ലയുടെ പേരിൽ മാറാവുന്ന 300 രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. പൂരിപ്പിച്ച അപേക്ഷക്കൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആശ്രയ കുടുംബാംഗം/ഭിന്നശേഷി/ട്രാൻസ്ജെൻറർ/എസ്.സി/എസ്.റ്റി. എന്നിവ തെളിയിക്കുന്ന രേഖകൾ, ഫോട്ടോ അടങ്ങിയ അഡ്രസ്സ് പ്രൂഫ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, ഡിമാൻറ് ഡ്രാഫ്റ്റും ഉള്ളടക്കം ചെയ്യേണ്ടതാണ്.
6. യാതൊരു കാരണവശാലും അസൽ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം

സമർപ്പിക്കേണ്ടതില്ല.

7. അക്കൗണ്ടൻറ് ഉദ്യോഗാർത്ഥി അപേക്ഷാ ഫോറം പൂരിപ്പിച്ച് നിർദ്ദിഷ്ട സ്ഥലത്ത് ബന്ധപ്പെട്ട അയൽക്കൂട്ടത്തിൻറെ സെക്രട്ടറി/പ്രസിഡൻറ് സാക്ഷ്യപ്പെടുത്തിയ ശേഷം, എ.ഡി.എസ്. ചെയർപേഴ്സൻറെ/സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ വാങ്ങി, സി.ഡി.എസ്. ചെയർപേഴ്സൻറെ/സെക്രട്ടറിയുടെ മേലൊപ്പോടുകൂടി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് നേരിട്ടോ തപാൽ മുഖേനയോ 2024 ഒക്ടോബർ 25 വൈകുന്നേരം 5 മണിക്ക് മുമ്പായി സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കുന്ന കവറിനു മുകളിൽ "കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടൻറ് ഒഴിവിലേയ്ക്കുള്ള അപേക്ഷ" എന്ന് രേഖപ്പെടുത്തിയിരിക്കണം.
8. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ മേൽവിലാസം എന്നിവ www.kudumbashree.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. 2024 നവംബർ 09 ന് ആയിരിക്കും എഴുത്തുപരീക്ഷ.

<u>*അപേക്ഷകൾ അയക്കേണ്ട മേൽവിലാസം-*</u>

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,
...എറണാകുളം..................... ജില്ല,
മൈത്രി ഭവൻ......മേൽ വിലാസം, അത്താണി, കാക്കനാട്
പിൻകോഡ്.....682030.......................... ടെലിഫോൺ.....0484-2959595

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,
...എറണാകുളം ജില്ല, കുടുംബശ്രീ

തീയതി 16.10.24
സ്ഥലം കാക്കനാട്

അനുബന്ധം-5

| അപേക്ഷകയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ |
|---|

# കുടുംബശ്രീ

## സിഡിഎസ് അക്കൗണ്ടന്റ് തസ്തികയിലേക്കുള്ള

## അപേക്ഷാ ഫോറം

| എ) | വ്യക്തിപരമായവ | |
|---|---|---|
| 1. | അപേക്ഷകയുടെ പേര് (മലയാളത്തിലും ഇംഗ്ലീഷിലും) | |
| 2. | ജനനത്തീയതി | |
| 3. | ആധാർ നമ്പർ/തിരിച്ചറിയൽ കാർഡ് നമ്പർ | |
| 4. | വിദ്യാഭ്യാസ യോഗ്യത | |
| 5. | മേൽവിലാസം നിലവിലുള്ളത് | |
| | സ്ഥിര മേൽവിലാസം | |
| 6 | പഞ്ചായത്ത് | |
| 7 | ബ്ലോക്ക് | |
| 8 | ജില്ല | |

| | | |
|---|---|---|
| 9 | ഫോൺ നമ്പർ | മൊബൈൽ:<br>ലാന്റ് നമ്പർ: |
| 10 | ഇ-മെയിൽ വിലാസം | |
| **ബി)** | **കുടുംബശ്രീ അംഗത്വം സംബന്ധിച്ച്** | |
| 11 | അപേക്ഷകയുടെ അംഗത്വം ഉൾക്കൊള്ളുന്ന സി ഡി എസ് | |
| 12 | അപേക്ഷകയുടെ അയൽക്കൂട്ടം ഉൾക്കൊള്ളുന്ന എ ഡി എസ് | |
| 13 | അയൽക്കൂട്ടത്തിന്റെ പേരും അഫിലിയേഷൻ നമ്പറും | |
| 14 | ഓക്സിലറി ഗ്രൂപ്പിന്റെ പേരും രജിസ്ട്രേഷൻ നമ്പറും | |
| 15 | അയൽക്കൂട്ടത്തിൽ അംഗമായ മാസവും വർഷവും | |
| 16 | ഓക്സിലറി ഗ്രൂപ്പിൽ അംഗമായ മാസവും വർഷവും | |
| **സി)** | **പ്രവൃത്തി പരിചയം സംബന്ധിച്ച്** | |
| 17 | അക്കൗണ്ടന്റായി മുൻ പ്രവൃത്തി പരിചയം (കുടുംബശ്രീ ഉൾപ്പെടെ) (സ്ഥാപനത്തിന്റെ പേര്, ജോലി ചെയ്ത കാലയളവ് എന്നിവ വ്യക്തമാക്കിയിരിക്കണം, പരിചയം തെളിയിക്കുന്ന രേഖകളുടെ കോപ്പികൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം) | |
| 18 | കമ്പ്യൂട്ടർ പ്രാവീണ്യം ഉണ്ടോ | ഉണ്ട്/ഇല്ല |
| 19 | ഉണ്ട് എന്നാണെങ്കിൽ കോഴ്സുകൾ വ്യക്തമാക്കുക | |
| 20 | ഡിമാന്റ് ഡ്രാഫ്റ്റിന്റെ വിശദാംശങ്ങൾ (ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ, ബാങ്ക്, തീയതി) in favour of District Mission Coordinator, Kudumbashree Ernakulam District | |
| | ഉള്ളടക്കം | 1.<br>2.<br>3.<br>4. |

## സത്യവാങ്മൂലം

മുകളിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ എന്റെ അറിവിലും ബോധ്യത്തിലും പൂർണ്ണമായി ശരിയാണെന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു. ഇക്കാര്യങ്ങൾ ശരിയല്ലെന്ന് ബോധ്യപ്പെട്ടാൽ അതുമായി ബന്ധപ്പെട്ട ഏതു നിയമ നടപടിയ്ക്കും ഞാൻ വിധേയയായി കൊള്ളാമെന്ന് ഇതിനാൽ പ്രസ്താവിക്കുന്നു.

തീയതി:

സ്ഥലം: അപേക്ഷകയുടെ പേരും ഒപ്പും

## അയൽക്കൂട്ട ഭാരവാഹികളുടെ സത്യവാങ്മൂലം

കുടുംബശ്രീ ........................... സിഡിഎസിന്റെ കീഴിൽ അക്കൗണ്ടന്റ് തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്ന ശ്രീമതി/കുമാരി ......................................./ .............................................. സി ഡി എസ് പരിധിയിലെ ....................... എ ഡി എസിലെ .............. അയൽക്കൂട്ടത്തിൽ കഴിഞ്ഞ ....... മാസമായി/വർഷമായി അംഗമാണെന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു.

സ്ഥലം: അയൽക്കൂട്ട പ്രസിഡന്റ്/ സെക്രട്ടറിയുടെ പേരും ഒപ്പും

തീയതി:

## എഡിഎസ് ഭാരവാഹികളുടെ സത്യവാങ്മൂലം

കുടുംബശ്രീ ……………………….. സിഡിഎസിന്റെ കീഴിൽ അക്കൗണ്ടന്റ് തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്ന ശ്രീമതി/കുമാരി ……………………………………,എ ഡി എസ് പരിധിയിലെ ………………….. അയൽക്കൂട്ടം/ഓക്സിലറി ഗ്രൂപ്പിൽ കഴിഞ്ഞ ……. മാസമായി/വർഷമായി അംഗമാണെന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു.

സ്ഥലം: എഡിഎസ് ചെയർപേഴ്സൺ/ സെക്രട്ടറിയുടെ പേരും ഒപ്പും

തീയതി:

## സി ഡി എസ് ഭാരവാഹികളുടെ സത്യവാങ്മൂലം

മുകളിൽ, പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി:

സി ഡി എസ് ചെയർപേഴ്സൺ/
മെമ്പർ സെക്രട്ടറിയുടെ പേരും ഒപ്പും